കാരണം, ഒരു ദിവസം പോലും 'എൻ്റെ രക്ഷിതാവേ! പ്രതിഫലനാളിൽ
എൻ്റെ തെറ്റുകൾ എനിക്ക് നീ പൊറുത്തു തരണേ!' എന്ന് അയാൾ
പറഞ്ഞിട്ടില്ല
ُه عَنْهَا- ആഇശ

َ ِض َي الل
ر- നിവേദനം: ഞാൻ (നബി -صلى الله عليه وسلم- യോട്) പറഞ്ഞു: "അല്ലാഹുവിൻ്റെ റസൂലേ! ഇബ്നു
ജുദ്ആൻ (എന്ന വ്യക്തി ഇസ്ലാം വന്നെത്തുന്നതിന് മുൻപ്) ജാഹിലിയ്യഃ കാലഘട്ടത്തിൽ
കുടുംബബന്ധം ചേർക്കുകയും ദരിദ്രന് ഭക്ഷണം നൽകുകയും ചെയ്തിരുന്നല്ലോ?! അതയാൾക്ക്
പ്രയോജനകരമാവുമോ?" നബി -صلى الله عليه وسلم- പറഞ്ഞു: "അതയാൾക്ക് ഉപകരിക്കുന്നതല്ല. കാരണം, ഒരു ദിവസം
പോലും 'എൻ്റെ രക്ഷിതാവേ! പ്രതിഫലനാളിൽ എൻ്റെ തെറ്റുകൾ എനിക്ക് നീ പൊറുത്തു തരണേ!'
എന്ന് അയാൾ പറഞ്ഞിട്ടില്ല."
[صحيح] [رواه مسلم]
ഇസ്ലാം വന്നെത്തുന്നതിന് മുൻപ് ഖുറൈശികളിലെ തലവന്മാരിൽ പെട്ട ഒരാളായിരുന്നു
അബ്ദുല്ലാഹി ബ്നു ജുദ്ആൻ. അയാളെ കുറിച്ചാണ് നബി -صلى الله عليه وسلم- ഈ ഹദീഥിൽ അറിയിക്കുന്നത്. അദ്ദേഹം
ചെയ്തിരുന്ന ചില നന്മകൾ ഉണ്ടായിരുന്നു; കുടുംബബന്ധം ചേർക്കലും അവരോട് നന്മ
പ്രവർത്തിക്കലും ദരിദ്രർക്ക് ഭക്ഷണം നൽകലും മറ്റുമെല്ലാം അതിൽ പെട്ടതായിരുന്നു.
ഇസ്ലാം പ്രോത്സാഹനം നൽകിയ നന്മകളിൽ പെട്ട ഇത്തരം കാര്യങ്ങൾ ചെയ്ത വ്യക്തിയാണെങ്കിലും
പരലോകത്ത് അയാൾക്ക് അത് പ്രയോജനകരമാവില്ല എന്ന് നബി -صلى الله عليه وسلم- അറിയിക്കുന്നു. കാരണം അയാൾ
അല്ലാഹുവിനെ നിഷേധിച്ച വ്യക്തിയായിരുന്നു. ഒരു ദിവസം പോലും 'പരലോകദിനത്തിൽ എൻ്റെ
തെറ്റുകൾ നീ എനിക്ക് പൊറുത്തു തരേണമേ' എന്ന് അല്ലാഹുവിനോട് അയാൾ
പ്രാർത്ഥിക്കുകയുണ്ടായിട്ടില്ല.
https://sunnah.global/hadeeth/ml/show/65009